ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 09.09.2025 **TIME : 07.25 AM**

പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് ഇന്ന്. വോട്ടെടുപ്പ് പാർലമെന്റ് മന്ദിരത്തിൽ രാവിലെ 10 മുതൽ വൈകുന്നേരം അഞ്ച് വരെ.

   The election of the post of Vice President will be held today.

2. പ്രളയം നാശം വിതച്ച പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സന്ദർശിക്കും.

   Prime Minister Narendra Modi will visit Himachal Pradesh and Punjab today to assess the flood situation.

3. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് ഇന്ന് തിരുവനന്തപുരത്ത് സമാപനം.

   State official Onam celebrations concludes today.

4. നേപ്പാളിൽ സമൂഹ മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക് പിൻവലിച്ചു. സംഘർഷത്തിൽ പത്തൊൻപത് മരണം .

   Nepal government has withdrawn its earlier decision to ban social media sites after violent protests.

5. കഫാ നാഷൻസ് കപ്പ് ഫുട്ബോളിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനം. ഏഷ്യ കപ്പ് ക്രിക്കറ്റിന് ഇന്ന് അബുദാബിയിൽ തുടക്കം.

   India secured third position in CAFA Cup football, Asia cup cricket at Abu Dhabi from today.

&&&&&&&&&&&&&&&&&&

VP – ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് ഇന്ന്. പാർലമെന്റ് മന്ദിരത്തിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ വൈകുന്നേരം ആറ് മണിക്ക് ആരംഭിക്കും. എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി.പി രാധാകൃഷ്ണനും, I N D I A സ്ഥാനാർത്ഥിയായി സുപ്രീംകോടതി മുൻ ജഡ്ജി ബി. സുദർശൻ റെഡ്ഡിയുമാണ് മത്സരരംഗത്ത്. ഇരു സഭകളിലും നിന്നുള്ള 781 അംഗങ്ങളുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. സി.പി രാധാകൃഷ്ണനെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്തത് രാജ്യത്തിന് ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

PM – PUNJAB – HP

പ്രളയം നാശം വിതച്ച പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സന്ദർശിക്കും. ഇരു സംസ്ഥാനങ്ങളിലെയും ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന അദ്ദേഹം വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ നീരക്ഷണവും നടത്തും. ഇന്ന് ഉച്ചകഴിഞ്ഞ് ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ എത്തുന്ന പ്രധാനമന്ത്രി ദുരന്തബാധിതരുമായും എൻഡിആർഎഫ്, എസ്ഡിആർഎഫ്, ആപ്ദ മിത്ര ഉദ്യോഗസ്ഥരുമായും സംവദിക്കും.

തുടർന്ന് വൈകിട്ടോടെ പഞ്ചാബിലെ ഗുരുദാസ്പൂരിൽ എത്തുന്ന ശ്രീ. മോദി മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും.

അതിരൂക്ഷമായ പ്രളയക്കെടുതികളിൽ പഞ്ചാബിൽ 48 പേർക്കാണ് ജീവൻ നഷ്ടമായത്. രണ്ടായിരത്തിലേറെ ഗ്രാമങ്ങളിൽ നിന്നായി 4 ലക്ഷത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു.

&&&&&&&&&&&&&&&&&&

NEPAL PROTEST

യുവജന പ്രതിഷേധം ശക്തമായതോടെ നേപ്പാളിൽ സമൂഹ മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക് പിൻവലിച്ചു. പ്രതിഷേധത്തെ തുടർന്നുണ്ടായ സംഘർഷത്തിൽ 19 പേർ മരിക്കുകയും 340 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. മന്ത്രിസഭയുടെ അടിയന്തര യോഗത്തിന് ശേഷമാണ് ഉത്തരവ് പിൻവലിച്ചത്. കാഠ്മണ്ഡുവിലെ ബനേശ്വറിൽ ഫെഡറൽ പാർലമെന്റ് പരിസരത്ത് അതിക്രമിച്ചു കയറിയ പ്രകടനക്കാർക്ക് നേരെ പോലീസ് വെടിയുതിർത്തതോടെയാണ് സംഘർഷം രൂക്ഷമായത്. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, എക്സ്, യൂട്യൂബ് തുടങ്ങിയവയ്ക്ക് കഴിഞ്ഞ വ്യാഴാഴ്ച മുതൽ ആണ് നിരോധനം ഏർപ്പെടുത്തിയത്. സമൂഹമാധ്യമ സൈറ്റുകൾ ഇന്നലെ രാത്രി മുതൽ വീണ്ടും പ്രവർത്തനക്ഷമമായി.

&&&&&&&&&&&&&&&&&&

PM-RIJIJU-NDA (INTRO)

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെയും ഓൺലൈൻ ഗെയിമിംഗ് ബില്ലിന്റെയും നേട്ടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എൻഡിഎ എംപിമാരോട് ആഹ്വനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിജെപി- എൻഡിഎ എംപിമാർക്കായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ശില്പശാലയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആത്മനിർബർ ഭാരത് കെട്ടിപ്പടുക്കുന്നതിൽ നേതൃപരമായ പങ്ക് വഹിക്കാൻ പ്രധാനമന്ത്രി എൻഡിഎ എംപിമാരോട് അഭ്യർത്ഥിച്ചതായി ശില്പശാലക്ക് ശേഷം നടന്ന വാർത്താസമ്മേളനത്തിൽ കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. സ്വദേശി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിനും പ്രോത്സാഹനത്തിനും പ്രധാനമന്ത്രി ഊന്നൽ നൽകിയതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

GST REFORMS – COSMETICS

കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ജിഎസ്ടി പരിഷ്കാരങ്ങൾ, ജിഎസ്ടി കൗൺസിൽ അംഗീകാരം നൽകിയതോടെ യാഥാർത്ഥ്യമായി. പരോക്ഷ നികുതി സമ്പ്രദായത്തെ 5 ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ നാല് തലങ്ങളിലുള്ള ഘടനയിൽ നിന്ന് 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ട് തലങ്ങളാക്കി കുറച്ചു. ഈ പരിഷ്കാരം പല മേഖലകളിലും നികുതി നിരക്കുകൾ കുറയുന്നതിനും ജനങ്ങളുടെ ജീവിത ചെലവ് കുറയുന്നതിനും ഇടയാക്കി. സാധാരണക്കാരെ കേന്ദ്രീകരിച്ചു നടപ്പാക്കുന്ന പുതിയ നിരക്ക് ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും. സൗന്ദര്യ വർധക വസ്തുക്കളുടെ ജിഎസ്ടി അഞ്ചു ശതമാനമായി കുറച്ചത് ഹെയർ ഓയിൽ, ഷാമ്പൂ, ഷേവിങ് ക്രീം, ടൂത്ത് പേസ്റ്റ്, ടാൽകം പൗഡർ തുടങ്ങി നിരവധി ഇനങ്ങളുടെ വില കുറയുന്നതിനു വഴി വെക്കും.

&&&&&&&&&&&&&&&&&&

ITR FILING

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. 7.28 കോടി ഐ.ടി റിട്ടേണുകളാണ് ഇതിനകം ഫയൽ ചെയ്തിരിക്കുന്നത്. വൈകിയുള്ള റിട്ടേൺ സമർപ്പണത്തിന് പിഴ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

GST SPORTS

രാജ്യത്തെ കായിക മേഖലക്ക് പ്രോത്സാഹനം നൽകുന്ന തരത്തിലാണ് പുതിയ ചരക്ക് സേവന നികുതി പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്. പുതിയ നിരക്കിൽ, കയ്യുറകൾ, സ്പോർട്സ് കിറ്റുകൾ തുടങ്ങിയ സ്പോർട്സ് ഉൽപ്പന്നങ്ങളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.
ട്രൈസൈക്കിളുകൾ, സ്കൂട്ടറുകൾ, പെഡൽ കാറുകൾ ഉൾപ്പെടെയുള്ള കളിപ്പാട്ടങ്ങൾ, ചെസ്സ്, കാരംസ്, ലുഡോ തുടങ്ങിയ ബോർഡ് ഗെയിമുകൾ എന്നിവയുടെ നികുതിയിലും ഇളവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും

കായിക ഉപകാരണങ്ങൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാകും. കായിക മേഖലയിൽ കൂടുതൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ തീരുമാനം സഹായകമാകുമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&

PM – VIKAS

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം കൊച്ചിയിൽ സംഘടിപ്പിച്ച സംവർധൻ പർവ്വിൽ 25 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള കരകൗശല വിദഗ്ദ്ധരും പാചക വിദഗ്ദ്ധരും പങ്കെടുത്തു. പ്രധാൻമന്ത്രി വിരാസത് കാ സംവർധനു കീഴിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വസ്തുക്കൾ നൂറോളം സ്റ്റാളുകളിലായി പ്രദർശിപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&

ONAM (INTRO)

സംസ്ഥാന സർക്കാറിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തിരുവനന്തപുരത്ത് സമാപനമാകും. ഓണാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര വൈകുന്നേരം 4 മണിക്ക് മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്....**
(വോയ്സ്)

&&&&&&&&&&&&&&&&&&

MAURITIUS PM VISIT

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം എട്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. സന്ദർശന വേളയിൽ, രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. വാരാണസി, അയോധ്യ, തിരുപ്പതി

എന്നിവിടങ്ങൾ സന്ദർശിക്കുന്ന മൗറീഷ്യസ് പ്രധാനമന്ത്രി മുംബൈയിൽ ഒരു വ്യവസായ പരിപാടിയിലും പങ്കെടുക്കും.

&&&&&&&&&&&&&&&&&&

RAIN

സംസ്ഥാനത്ത് ഇന്ന് ആറു ജില്ലകളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പുറപ്പെടുവിപ്പിച്ചിട്ടുളത്. അതേ സമയം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ബീഹാർ, ഝാർഖണ്ഡ്, തമിഴ്നാട്, പുതുച്ചേരി, മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഉത്തരാഖണ്ഡ് തുടങ്ങിയ സ്ഥലങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

ISRAELI PM-JERUSALEM ATTACK

ആറ് പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത ജറുസലേമിലുണ്ടായ ഭീകരാക്രമണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം പ്രകടിപ്പിച്ചതിനെത്തുടർന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഇന്ത്യയ്ക്ക് നന്ദി അറിയിച്ചു.ഭീകരത എല്ലാവരെയും ഭീഷണിപ്പെടുത്തുന്ന ശാപമാണെന്ന് സമൂഹ മാധ്യമ കുറിപ്പിൽ അദ്ദേഹം വിശേഷിപ്പിച്ചു. ജറുസലേമിലെ നിരപരാധികളായ സാധാരണക്കാർക്ക് നേരെയുണ്ടായ ഹീനമായ ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ ശക്തമായി അപലപിച്ചിരുന്നു. എല്ലാ രൂപങ്ങളിലുമുള്ള ഭീകരതയെയും ഇന്ത്യ അപലപിക്കുന്നുവെന്നും ഭീകരതയോട് സഹിഷ്ണുതയില്ലാത്ത നയത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും സമൂഹ മാധ്യമ കുറിപ്പിൽ ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

ASIA CUP CRICKET

പതിനേഴാമത് ഏഷ്യ കപ്പ് ക്രിക്കറ്റിന് ഇന്ന് അബുദാബിയിൽ തുടക്കമാകും. ഇന്ത്യൻ സമയം വൈകിട്ട് എട്ടു മണിക്ക് ആരംഭിക്കുന്ന ഉദ്ഘാടന മൽസരത്തിൽ അഫ്ഘാനിസ്ഥാൻ ഹോങ്കോങ്ങുമായി ഏറ്റുമുട്ടും. ടി 20 രീതിയിലാവും ഇത്തവണത്തെ ഏഷ്യാ കപ്പ് മൽസരങ്ങൾ നടത്തുക. എട്ടു ടീമുകളാണ് സെപ്റ്റംബർ 28 വരെ നടക്കുന്ന ടൂർണമെന്റിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

CAFA NATIONS CUP

തജാക്കിസ്ഥാനിൽ നടന്ന കഫാ നാഷൻസ് കപ്പ് ഫുട്ബോളിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനം. പെനാൾട്ടി ഷൂട്ട് ഔട്ടിൽ ഒമാനെ 3-2-ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ മൂന്നാം സ്ഥാനം നേടിയത്. ഇതാദ്യമായാണ് ഒരു അന്താരാഷ്ട്ര ഫുട്ബോൾ മൽസരത്തിൽ ഇന്ത്യ ഒമാനെ പരാജയപ്പെടുത്തുന്നത്.

&&&&&&&&&&&&&&&&&&

INDIA - NEW ZEALAND

ഇന്ത്യ-ന്യൂസിലാൻഡ് വിദേശകാര്യ ഓഫീസ് തല കൂടിക്കാഴ്ചയുടെ ആറാം റൗണ്ട് ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. പ്രതിരോധം, സുരക്ഷ, വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, കൃഷി, പരമ്പരാഗത വൈദ്യശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, കായികം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ഉൾപ്പെടുന്ന ഉഭയകക്ഷി വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ഇരുപക്ഷവും വിലയിരുത്തി. ഇന്ത്യൻ പ്രതിനിധി സംഘത്തിന് വിദേശകാര്യ മന്ത്രാലയം ദക്ഷിണ മേഖല സെക്രട്ടറി നീന മൽഹോത്ര നേതൃത്വം നൽകി. ഈ വർഷം മാർച്ചിൽ ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണിന്റെ ഇന്ത്യാ സന്ദർശന വേളയിൽ നടത്തിയ ധാരണാപത്രങ്ങളുടെയും പ്രഖ്യാപനങ്ങളുടെയും പുരോഗതി യോഗത്തിൽ വിലയിരുത്തി. അടുത്ത റൗണ്ട് കൂടിക്കാഴ്ച വെല്ലിംഗ്ടണിൽ നടക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&